# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2465 — 18/06/2014 - ൽ മറുപടിക്ക്

### പുളിങ്കുന്ന് കാവാലം പ്രദേശങ്ങളിലേക്കുള്ള ജങ്കാറുകളുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പുളിങ്കുന്ന്, കാവാലം പ്രദേശങ്ങളിലേക്ക് ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷന്റെ കീഴിൽ ജങ്കാറുകളുടെ നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;<br><br>ബി) റീടെണ്ടർ നടത്തിയിട്ടും സിൽക്ക് ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ജങ്കാർ നിർമ്മാണത്തിന് ഇനി പുതിയ ടെൻഡറുകൾ ക്ഷണിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) & (ബി) | കാവാലം പുളിങ്കുന്ന് പ്രദേശങ്ങളിലേയ്ക്ക് കടത്തു നടത്തുവാൻ രണ്ട് ജങ്കാറുകൾ നിർമ്മിക്കുന്നതിന് 11-03-1998-ൽ 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതനുസരിച്ച് മെക്കാനിക്കൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ (പി.ഡബ്ല്യു.ഡി)ടെണ്ടർ ക്ഷണിക്കുകയും M/s ജമിനി &ജമിനി 87 ലക്ഷം രൂപ+ നികുതിയ്ക്ക് ടെണ്ടർ ഉറപ്പിക്കുകയും ചെയ്തു. പിന്നീട് കാലാവധി നീട്ടികൊടുത്തു എങ്കിലും പ്രസ്തുത കരാറുകാരൻ പണി നിർത്തി വെയ്ക്കുകയുണ്ടായി. തുടർന്ന് സാധനങ്ങളുടെ വിലവർദ്ധനവ് കാണിച്ചുകൊണ്ട് തുക വർദ്ധിപ്പിച്ചുകിട്ടുവാൻ കരാറുകാരൻ സർക്കാരിനെ സമീപിച്ചിരുന്നുവെങ്കിലും സർക്കാർ മേൽ ആവശ്യം നിരസിച്ചു. അതേസമയം പണി പൂർത്തിയാക്കാനുള്ള കാലാവധി പിഴകൂടാതെ നീട്ടികൊടുക്കുവാൻ തയ്യാറായി. കരാറുകാരൻ തുടർന്ന് തുക വർദ്ധിപ്പിച്ച് കിട്ടുന്നതിനുവേണ്ടി ബഹു: ഹൈക്കോടതിയെ സമീപിച്ചു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ കരാറുകാരന്റെ വാദഗതികൾ കേട്ടശേഷം നിയമപരമായി തുക വർദ്ധിപ്പിച്ചു നൽകാൻ നിർവ്വാഹമില്ലാത്തതിനാൽ സർക്കാർ കരാറുകാരന്റെ ആവശ്യം നിരസിച്ചു.<br><br>ഏകദേശം 60 ശതമാനം പണികൾ പൂർത്തിയാക്കി എങ്കിലും ബാക്കി പണികൾ ചെയ്യാത്തതുമൂലം പ്രവൃത്തി കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ റദ്ദു ചെയ്തു. തുടർന്ന് |

കരാറുകാരൻ കോടതിയെ സമീപിച്ചു. റീ ടെണ്ടർ നടപടികൾ കോടതി വിധിക്ക് വിധേയ മായിരിക്കണം എന്ന ഉത്തരവിന്റെ അടിസ്ഥാന ത്തിൽ വീണ്ടും കാലതാമസം വന്നു. കോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാന ത്തിൽ 09-03-2010 ൽ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ പണി റദ്ദു ചെയ്തു. കരാറു കാരന് 57.84 ലക്ഷം രൂപയും, റിട്ടൻഷൻ തുകയായ 3.65 ലക്ഷം രൂപ കഴിച്ച് നൽകി യിട്ടുണ്ട്. നിർമ്മാണം പൂർത്തിയാകാതിരുന്ന ജങ്കാർ 36.30 ലക്ഷം രൂപയ്ക്ക് വിൽക്കുകയും സർക്കാരിലേയ്ക്ക് മുതൽ കൂട്ടുകയും ചെയ്തിട്ടുണ്ട്.

ഈ ജങ്കാറുകൾക്ക് പകരമായി പുതിയ ജങ്കാറുകൾ നിർമ്മിക്കുന്നതിനായി 29-04-2010-ൽ വീണ്ടും ടെണ്ടർ ചെയ്യുക യുണ്ടായി. 222.52 ലക്ഷം രൂപയ്ക്ക് പൊതു മേഖലാസ്ഥാപനമായ സിൽക്കിന് നൽകാൻ 27-01-2011 - ൽ സർക്കാർ ഉത്തരവായി. 12-05-2011-ൽ എഗ്രിമെന്റ് വച്ചുവെങ്കിലും നിർമ്മാണ കാലാവധിയായ 12-11-2011 വരെ ഒരു നിർമ്മാണവും പ്രസ്തുത സ്ഥാപനം നടത്തിയിരുന്നില്ല. തുടർന്ന് പ്രസ്തുത സ്ഥാപനത്തിന്റെ റിസ്ക് ആന്റ് കോസ്റ്റിൽ കരാർ റദ്ദാക്കണമെന്നാവശ്യപ്പെട്ട് ജലസേചന വകുപ്പ് മെക്കാനിക്കൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ച നിർദ്ദേശം സർക്കാരിൽ പൊതു മരാമത്ത് വകുപ്പ് പരിശോധിച്ചുവരുന്നു. പ്രസ്തുത വകുപ്പിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ